41 (1635) സെക്രട്ടേറിയറ്റിൽ വാങ്ങിയ വാഹനങ്ങൾ

ശ്രീ. എം. നാരായണൻ (കുഴൽമന്ദം) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റിൽ കെ.ബി.വി.8843 കെ.എൽ.01-എച്ച് 5662, കെ.എൽ.01-കെ.7646, കെ.എൽ.01-എച്ച്.2884, കെ.എൽ.01.കെ.7949, കെ.എൽ.01-ജി.169, കെ.എൽ.01-എഫ്.9550 എന്നീ വാഹനങ്ങൾ പി.ആന്റ്.എ.ആർ.ഡി. ഡയറക്ഷൻ പാലിച്ചുകൊണ്ടാണോ വാങ്ങിയിരിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(ബി) ഡ്രൈവർ തസ്തിക സൃഷ്ടിക്കാതെ വാങ്ങിയ ഈ വാഹനങ്ങൾ കഴിഞ്ഞ ഒരു വർഷമായി ഓടിച്ചുവന്നിരുന്ന താൽക്കാലിക ജീവനക്കാരുടെ ലിസ്റ്റ് ലഭ്യമാക്കുമോ;

(സി) സംസ്ഥാനത്തെ സെക്രട്ടേറിയറ്റ് ഉൾപ്പെടെയുള്ള തിരുവനന്തപുരം ജില്ലയിലെ വിവിധ വകുപ്പുകളിൽ ലൈറ്റ് മോട്ടോർ വെഹിക്കിൾ ഡ്രൈവർമാരുടെ നിയമനത്തിൽ ഒ.പി. നമ്പർ 21099/98 ഡയറക്ഷൻ പാലിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(ഡി) .ഇതിനുവിരുദ്ധമായി നിയമനം ലഭിച്ച് സേവനമനുഷ്ഠിക്കുന്ന ഡ്രൈവർമാരുടെ ലിസ്റ്റ് ലഭ്യമാക്കുമോ;

(ഇ) ഹൈക്കോടതിയുടെ 5.8.99-ലെ ഒ.പി.നമ്പർ 21099/98 ഡയറക്ഷൻ നടപ്പാക്കിയ വകുപ്പുകളുടെ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) കെ.ബി.വി 8843, കെ.എൽ.01- കെ.7646, കെ.എൽ.01-എച്ച് 2884, കെ.എൽ.-01, കെ.7949, കെ.എൽ.01-ജി.169 എന്നീ വാഹനങ്ങൾ പി.ആന്റ്.എ. ആർ.ഡി ഡയറക്ഷൻ പാലിച്ചുകൊണ്ടാണ് വാങ്ങിയത്. മറ്റു വാഹനങ്ങൾ സർക്കാർ വാഹനം അല്ല.

(ബി) ഡ്രൈവർ തസ്തിക സൃഷ്ടിച്ചുകൊണ്ടാണ് വാഹനങ്ങൾ വാങ്ങിയത്. എന്നാൽ പേ-റിവിഷൻ കമ്മിറ്റി പിരിച്ചുവിട്ടപ്പോൾ ഈ കമ്മിറ്റിയുടെ ആവശ്യത്തിലേയ്ക്ക് വാങ്ങിയ കാറുകളുടെ താല്കാലിക ഡ്രൈവർ തസ്തിക നിർത്തലാക്കി. ഈ കാറുകളുടെ ഡ്രൈവർമാരായി ദിവസക്കൂലി അടിസ്ഥാനത്തിൽ സർവ്വശ്രീ രമേശൻ, സുരേന്ദ്രൻ എന്നിവർ ജോലി ചെയ്തിരുന്നു.

(സി) 21099/98-ാം നമ്പർ ഒ.പി.യിലെ ഡയറക്ഷൻ കർശനമായി പാലിക്കുവാൻ വകുപ്പ് അദ്ധ്യക്ഷൻമാർക്കും നിയമനാധികാരികൾക്കും ജില്ലാ കളക്ടർമാർക്കും 16.8.99, 24.11.99, 4.12.99 എന്നീ തീയതികളിൽ ഉദ്യോഗസ്ഥഭരണ പരിഷ്കാര വകുപ്പ് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി)&((ഇ) വിവരം ശേഖരിച്ചു വരുന്നു.

42 (1636) ഹെലികോപ്റ്റർ വാങ്ങാനുള്ള നടപടി

ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് :

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാന സർക്കാർ ഒരു ഹെലികോപ്റ്റർ വാങ്ങുവാൻ പദ്ധതി യിട്ടിട്ടുണ്ടോ; എങ്കിൽ ഇതിനുള്ള നടപടികൾ എവിടെവരെയായി;

(ബി) ഹെലികോപ്റ്റർ വാങ്ങുന്നത് എന്തൊക്കെ അത്യാവശ്യത്തിനു വേണ്ടിയാണ്. ഇതിന് എന്തു തുക ചെലവു വരും;

(സി) വായുസേനയിൽനിന്നും ഹെലിക്കോപ്റ്റർ വാങ്ങുവാൻ സാധി ക്കുമോ എന്ന് പരിശോധിച്ചിട്ടുണ്ടോ;

(ഡി) സംസ്ഥാന ഗവൺമെന്റിന്റെ ഫയർഫോഴ്സ്, പോലീസ് തുടങ്ങിയ വകുപ്പുകളുടേയും സർക്കാരിന്റേയും പൊതുവായ ഉപയോഗത്തിന് ഒരു ഹെലികോപറ്റർ വാങ്ങുവാനുള്ള നടപടി ത്വരിതപ്പെടുത്തുമോ?

ഉത്തരം

(എ)-(ഡി) സംസ്ഥാന സർക്കാരിന് ഹെലികോപ്റ്റർ വാങ്ങാൻ പദ്ധതി കളൊന്നും നിലവിലില്ല. എന്നാൽ അഗ്നിശമന വകുപ്പിന്റെ ആധുനികവൽക്ക ണത്തിന്റെ ഭാഗമായി ആംബുലൻസ് സൗകര്യങ്ങളോടുകൂടിയ ഹെലികോ പ്റ്റർ വാങ്ങുന്നതിനുള്ള നിർദ്ദേശം ലഭിച്ചിട്ടുണ്ട്. ആംബുലൻസ് സർവ്വീസ് നട ത്തുന്നതിനും മറ്റ് രക്ഷാപ്രവർത്തനങ്ങൾ നടത്തുന്നതിനുംവേണ്ടിയാണ് ഹെലികോപ്റ്ററുകൾ ഉദ്ദേശിച്ചിട്ടുള്ളത്. പ്രസ്തുത നിർദ്ദേശത്തിൻമേൽ തീരു മാനമായിട്ടില്ല.

43 (1637) വയനാട് ജില്ലയിൽ ആദിവാസികൾക്കിടയിൽ പ്രവർത്തിക്കുന്ന സംഘടന

ശ്രീ. വർഗ്ഗീസ് വൈദ്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ ആദിവാസികളുടെ ക്ഷേമത്തിനായി പ്രവർത്തിക്കുന്ന എത്ര സംഘടനകളും ഏജൻസികളുമുണ്ട്;

(ബി) ഇതിൽ വിദേശസഹായത്തോടെ പ്രവർത്തിക്കുന്ന സംഘടന കളും ഏജൻസികളും ഉണ്ടോ; എങ്കിൽ ഏതൊക്കെയാണെന്ന് വ്യക്തമാ ക്കുമോ;

(സി) ഇവരുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിന് സർക്കാരിന് എന്തെങ്കിലും സംവിധാനമുണ്ടോ; ഉണ്ടെങ്കിൽ ഈ സ്ഥാനങ്ങളുടെയും ഏജൻസികളുടെയും പ്രവർത്തനങ്ങൾ വിശദമാക്കുമോ;

(ഡി) ആദിവാസി ക്ഷേമപ്രവർത്തനങ്ങൾ നടത്തുന്ന സംഘടനകൾക്ക് ലഭ്യമാക്കുന്ന വിദേശഫണ്ടിനെക്കുറിച്ച് സർക്കാരിന് അറിവുണ്ടോ; എങ്കിൽ വിശദമാക്കുമോ?

ഉത്തരം

(എ) ആറ്

(ബി) ഉണ്ട്. അവ താഴെ പറയുന്നവയാണ്.

1) ഹിൽഡ മാനന്തവാടി ആന്റ് സുൽത്താൻബത്തേരി

2) വയനാട് സർവ്വസേവാ മണ്ഡലം സുൽത്താൻബത്തേരി.

3) രാസ്മ കമ്പളക്കാട് കണിയാംപറ്റ

LIBRARY ARCHIVES Kerala Legislative Assembly